# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 6383 — 03/04/2018 ൽ മറുപടിയ്ക്ക്

## സാമൂഹ്യവനവൽക്കരണം

**ചോദ്യം**

ശ്രീ. ബി.ഡി. ദേവസ്സി
,, വി. ജോയി
,, കെ.കുഞ്ഞിരാമൻ
,, വി. കെ. സി. മമ്മത് കോയ

**ഉത്തരം**

അഡ്വ: കെ. രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ | സംസ്ഥാനത്ത് സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി വിവിധ പദ്ധതികൾ പ്രകാരം വച്ചുപിടിപ്പിക്കുന്ന ലക്ഷക്കണക്കിന് വൃക്ഷത്തൈകളുടെ തുടർന്നുള്ള പരിപാലനവും സംരക്ഷണവും സംബന്ധിച്ച് പരിശോധന നടത്താറുണ്ടോ; | എ | സാമൂഹ്യവനവൽക്കരണ വിഭാഗം വനവൽക്കരണത്തിനായി ഹരിതകേരളം, എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോരസംരക്ഷണം, Institutional Plantation, കണ്ടൽ വനവൽക്കരണം തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. മേൽ പദ്ധതികൾ പ്രകാരം ജൈവവൈവിദ്ധ്യം വർദ്ധിപ്പിക്കുന്നതിനും, ആഗോളതാപന തോത് കുറയ്ക്കു ന്നതിനും, ഗാർഹിക-വ്യാവസായിക തടി ഉപയോഗത്തിനുമായി വിവിധ നല്ലയിനം വൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മതസംഘടനകൾ, യുവജന സംഘടന, രാഷ്ട്രീയ സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവർക്കായി വിതരണം ചെയ്തു വരുന്നു. ഈ പദ്ധതികൾ എല്ലാം ഫലപ്രദവും, അതു വഴി വൃക്ഷസമ്പത്ത് വനേതര പ്രദേശങ്ങളിൽ വർദ്ധിക്കാനിടയായിട്ടുമുണ്ട്. എന്നാൽ ഇപ്രകാരം വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ സംരക്ഷണവും, പരിപാലനവും സ്ഥലത്തിന്റെ ഉടമസ്ഥതയിലുള്ള വകുപ്പുകളിലും, വ്യക്തികളിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്. വിദ്യാർത്ഥികൾക്കും, വിവിധ സംഘടന കൾക്കും, സ്വകാര്യ വ്യക്തികൾക്കും മേൽ പദ്ധതി പ്രകാരം നൽകുന്ന വൃക്ഷത്തൈകളുടെ തുടർ പരിപാലനം വനം |

| | | | |
|---|---|---|---|
| | | | വകുപ്പിന്റെ നിയന്ത്രണത്തിൽ അല്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ വഴി വിതരണം നടത്തുന്ന തൈകളുടെ അതിജീവനശതമാനം ബന്ധപ്പെട്ട വകുപ്പുകൾ ഇറക്കുന്ന സർക്കുലറുകൾ അടിസ്ഥാനമാക്കി സ്കൂൾ തലത്തിലും പഞ്ചായത്ത് തലത്തിലും വനം വകുപ്പ് ഉദ്യോഗസ്ഥരെ കൂടി ഉൾപ്പെടുത്തി രൂപീകരിക്കുന്ന കമ്മിറ്റികളാണ് പരിശോധിച്ച് വരുന്നത്. മറ്റ് സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള വൃക്ഷത്തൈകളുടെ അതിജീവന ശതമാനം കണക്കാക്കുന്നതിനായി വനം വകുപ്പ് ഉദ്യോഗസ്ഥർ റാന്റം സാമ്പിളിംഗ് രീതിയിലൂടെ പരിശോധന നടത്തുന്നു ണ്ട്. 2016-17,2017-18 വർഷങ്ങളിൽ ഹരിതകേരളം പദ്ധതിയിലൂടെ വിവി ധ വകുപ്പുകൾക്കും, ഏജൻസികൾക്കും, സ്ഥാപന ങ്ങൾക്കും, സംഘടനകൾക്കും, വിദ്യാലയങ്ങൾക്കും വിതരണം ചെയ്ത വൃക്ഷത്തൈകളുടെ അതിജീവന ശതമാനം കണക്കാക്കുന്നതിൽ തിരഞ്ഞെടുത്ത കോളേജുകളിലെ അദ്ധ്യാപകരെയും വിദ്യാർത്ഥി കളെയും ഉൾപ്പെടുത്തി സ്റ്റാറ്റിക്കൽ മോണിറ്ററിംഗ് & ഇവാലുവേഷൻ നടത്തിവരുന്നു. |
| ബി | ഇപ്രകാരം നടുന്ന വൃക്ഷത്തൈകളുടെ അതിജീവന നിരക്ക് നാമമാത്രമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി | സാമൂഹ്യവനവൽക്കരണ വിഭാഗം വനവൽക്കരണത്തിനായി ഹരിതകേരളം, എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോരസംരക്ഷണം, Institutional Plantation, കണ്ടൽ വനവൽക്കരണം തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. മേൽ പദ്ധതികൾ പ്രകാരം ജൈവവൈവിദ്ധ്യം വർദ്ധിപ്പിക്കു ന്നതിനും, ആഗോളതാപന തോത് കുറയ്ക്കു ന്നതിനും, ഗാർഹിക-വ്യാവസായിക തടി ഉപയോഗത്തിനുമായി വിവിധ നല്ലയിനം വൃക്ഷ തൈകൾ ഉത്പാദിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മതസംഘടനകൾ, യുവജന സംഘടന, രാഷ്ട്രീയ സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ |

| | | | |
|---|---|---|---|
| | | | എന്നിവർക്കായി വിതരണം ചെയ്തു വരുന്നു. ഈ പദ്ധതികൾ എല്ലാം ഫലപ്രദവും, അതു വഴി വൃക്ഷ സമ്പത്ത് വനേതര പ്രദേശങ്ങളിൽ വർദ്ധിക്കാനിടയായിട്ടുമുണ്ട്. എന്നാൽ ഇപ്രകാരം വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ സംരക്ഷണവും, പരിപാലനവും സ്ഥലത്തിന്റെ ഉടമസ്ഥതയിലുള്ള വകുപ്പുകളിലും, വ്യക്തികളിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്. വിദ്യാർത്ഥികൾക്കും, വിവിധ സംഘടനകൾക്കും, സ്വകാര്യ വ്യക്തികൾക്കും മേൽ പദ്ധതി പ്രകാരം നൽകുന്ന വൃക്ഷത്തൈകളുടെ തുടർ പരിപാലനം വനം വകുപ്പിന്റെ നിയന്ത്രണത്തിൽ അല്ല. 2015-ലെ Forest Survey of India യുടെ ദ്വൈവാർഷിക റിപ്പോർട്ടിൽ കേരള സംസ്ഥാനത്തിൽ വനത്തിനു പുറത്ത് 28.49% വൃക്ഷാവരണം ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രാദേശിക അടിസ്ഥാനത്തിൽ നടത്തിയ പഠനങ്ങളിൽ ഇപ്രകാരം വിതരണം ചെയ്യുന്ന തൈകളിൽ യഥാസമയം പരിപാലന പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥലങ്ങളിൽ ഗണ്യമായ അതിജീവനം കണ്ടുവരുന്നുണ്ട്. വനേതര പ്രദേശത്ത് ഇന്ന് നാം കാണുന്ന വൃക്ഷച്ചാർത്തുകൾ ബഹുഭൂരിപക്ഷവും സാമൂഹികവനവൽക്കരണ വിഭാഗം വിതരണം ചെയ്തിട്ടുള്ള വൃക്ഷത്തൈകളാണ്. 2005-ൽ K.F.R.I, പീച്ചി നടത്തിയ വുഡ്-ബാലൻസ് സ്റ്റഡി റിപ്പോർട്ടിൽ കേരളത്തിൽ ഗൃഹാവശ്യത്തിനായുള്ള തടിയുടെ 74.90% വനേതര ഭൂമിയിൽ നിന്നുമാണ് ലഭ്യമാകുന്നത് എന്നും കണ്ടെത്തിയിട്ടുണ്ട്. |
| സി | വളരെ ചെറിയ തൈകൾ നൽകുന്നുവെന്നതാണ് ഇതിന് ഒരു പ്രധാന കാരണമെന്നതിനാൽ രണ്ട് വർഷമെങ്കിലും പ്രായമായ തൈകൾ നൽകി അവയുടെ അതിജീവന നിരക്ക് ഗണ്യമായി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | സി | ഒരു അടി ഉയരമുള്ള തൈകളാണ് എന്റെ മരം, നമ്മുടെ മരം തുടങ്ങിയ പദ്ധതികൾ പ്രകാരം വിതരണം ചെയ്യുന്നത്. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് എടുത്തുകൊണ്ടുപോകാനും കൈകാര്യം ചെയ്യുന്നതിനുള്ള എളുപ്പത്തിനുമാണ് ചെറിയ കൂട തൈകൾ നൽകുന്നത്, മാത്രമല്ല ഇവയുടെ ഉത്പാദനച്ചെലവ് വലിയ കൂടത്തൈകളെ അപേക്ഷിച്ച് കുറവാണ്. ശരിയായി പരിപാലിച്ചാൽ |

| | | | |
|---|---|---|---|
| | | | ഇവയുടെ അതിജീവന നിരക്ക് കുറയുകയില്ല. വനം വകുപ്പ് തോട്ടങ്ങളിൽ ചെറിയ കൂടത്തൈകളാണ് ഉപയോഗിച്ച് വരുന്നത്. എന്നിരുന്നാലും വനം വകുപ്പിന്റെ പുതിയ പദ്ധതികളിൽ ഒരു വർഷം പ്രായമായ തൈകൾ വിതരണം ചെയ്യുന്ന വിഷയം പരിഗണിച്ചുവരുന്നു. |
| ഡി | വിവിധ പദ്ധതികൾ പ്രകാരം നഗര പ്രദേശങ്ങളിൽ വച്ചുപിടിപ്പിക്കുന്ന തൈകളുടെ പരിപാലനവും സംരക്ഷണവും അതാത് പ്രദേശത്തെ റസിഡന്റ്സ് അസോസിയേഷനുകളെ ഏൽപ്പിക്കുകയും അതിനായി അവർക്ക് വേണ്ട പ്രോത്സാഹനം നൽകുകയും ചെയ്യുമോ എന്നറിയിക്കാമോ? | ഡി | സോഷ്യൽ ഫോറസ്ട്രി ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസി കേരളത്തിലെ 14 ജില്ലകളിലും രൂപീകരിച്ച് വരുന്നു. പ്രാദേശിക റെസിഡൻസ് അസ്സോസിയേഷനുകളും സോഷ്യൽ ഫോറസ്ട്രി ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസികളുടെ കീഴിലുള്ള ഹരിത സമിതികളും ചേർന്ന് നഗര പ്രദേശങ്ങളിൽ വൃക്ഷവൽക്കരണം നടത്തുന്ന വിഷയം പരിഗണിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ